**File No.TCPCTP/1217/2019-C1**

**<u>മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം</u>**

<u>തിരുവനന്തപുരം</u>

വിഷയം :- നഗരഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - എറണാകുളം ജില്ല - മരട് മുനിസിപ്പാലിറ്റി - മരട് വില്ലേജ് - സ്കൂൾ കെട്ടിട നിർമ്മാണം കൺകറൻസ് നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. ഗ്രിഗോറിയൻ പബ്ലിക് സ്കൂൾ മാനേജരുടെ 30/5/2019 ലെ അപേക്ഷ

2. എറണാകുളം സീനിയർ ടൗൺ പ്ലാനറുടെ 30/05/2019 ലെ ഡി/760/2019.ഡി.ഡിസ് നമ്പർ ഉത്തരവ്

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. **TCPCTP/1217/2019 -C1** തീയതി:**14/06/2019**

---

എറണാകുളം ജില്ലയിലെ മരട് മുനിസിപ്പാലിറ്റി പരിധിയിലുള്ള മരട് വില്ലേജിൽ ബ്ലോക്ക് 13-ൽ റീ സർവ്വേ നമ്പർ 439/2, 440/2-ൽ പ്പെട്ട 2.3978 ഹെക്ടർ സ്ഥലത്ത് 6802.64 ച.മീ. വിസ്തീർണ്ണമുള്ളതും സൂചന 2 പ്രകാരം ക്രമവൽക്കരിക്കുന്നതിനു അനുമതി നല്കിയതുമായ സ്കൂൾ കെട്ടിടങ്ങൾക്ക്, സൂചന 2 ലെ നിബന്ധന 1 പ്രകാരം കൺകറൻസ് ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ഗ്രിഗോറിയൻ പബ്ലിക് സ്കൂൾ മാനേജരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 2009-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി structure plan പ്രകാരമുള്ള കൺകറൻസ് നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. തീരദേശ പരിപാലന നിയമപ്രകാരം കെ.സി.ഇസഡ്.എം.എ നൽകിയ ക്ലിയറൻസിന് ഉപരിയായി നടത്തിയ നിർമ്മാണങ്ങൾ പൊളിച്ച് കളയുന്നതായി പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി കെട്ടിടങ്ങൾ/ കെട്ടിടഭാഗങ്ങൾ പൊളിച്ച് മാറ്റിയെന്നും സി.ആർ. ഇസഡ് ക്ലിയറൻസ് പ്രകാരമുള്ള നിർമ്മാണം മാത്രമേ നടത്തിയിട്ടുള്ളൂ എന്നും സെക്രട്ടറി ഉറപ്പാക്കിയിരിക്കണം.
2. 2008 ലെ നെൽവയൽ തണ്ണീർത്തട ആക്ട്, ടി ആക്ട് പ്രകാരമുള്ള ചട്ടങ്ങൾ എന്നിവ പ്രകാരം ആവശ്യമായ അനുമതികൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.
3. കെ.എം.ബി.ആർ. 99 ചട്ടം 40 എ പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ വൈകല്യമുള്ള വ്യക്തികൾക്കുവേണ്ടിയുള്ള സൗകര്യങ്ങൾ നിർമ്മിത വിസ്തൃതിയിൽ മാറ്റം വരുത്താതെ നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
4. കെ.എം.ബി.ആർ പ്രകാരമുള്ള ആവശ്യമായ മറ്റ് അനുമതികൾ ലഭ്യമാക്കിയിരിക്കണം.

ഉത്തരവിൻ പ്രകാരം

<u>ഉള്ളടക്കം</u>- ഒരു സെറ്റ് പ്ലാൻ

**ജയശ്രീ. പി. ആർ.**
ടൗൺ പ്ലാനർ

**സെക്രട്ടറി,**
മരട് മുനിസിപ്പാലിറ്റി

<u>പകർപ്പ്:-</u>

1. ശ്രീ. ജോസഫ് മാർ ഗ്രിഗോറിയസ് ,മാനേജർ, ഗ്രിഗോറിയൻ പബ്ലിക് സ്കൂൾ, മരട്, കൊച്ചി-682304
2. സീനിയർ ടൗൺ പ്ലാനർ, എറണാകുളം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം